**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5885** **09-07-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഫണ്ട് ആവശ്യപ്പെട്ട് കിഫ്ബിയിലേക്ക് അയച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (എ) | 10/07/2017-ലെ GO (Rt) No. 942/2017/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 20 കോടിയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കത്തുരുത്ത് പാലം നിർമ്മാണ പ്രവൃത്തിക്ക് 20/10/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി സാമ്പത്തികാനുമതി നൽകിയിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി നിർവ്വഹണ ഏജൻസി സമർപ്പിച്ച 2.63 കോടി രൂപയുടെ എൽ.എ പാക്കേജ് കിഫ്ബി 23/06/2020-ന് അംഗീകരിച്ച് നൽകിയിരുന്നതും, കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 10.13 ലക്ഷം രൂപ 30/07/2020-ന് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. കൂടാതെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവിനത്തിൽ 15/05/2023-ന് 1.41 ലക്ഷം രൂപയും കിഫ്ബി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച് നൽകിയിരുന്നു. ഭൂമിയേറ്റെടുക്കലിനുള്ള നഷ്ടപരിഹാരത്തുക ആവശ്യപ്പെട്ടു കൊണ്ട് റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച് നൽകിയിരുന്ന എൽ.എ പാക്കേജ് തുക 5.34 കോടി രൂപയായി ഉയർത്തുന്നതിന് നിർവ്വഹണ ഏജൻസി സമർപ്പിച്ച പാക്കേജ് ഡീവിയേഷൻ പ്രൊപോസൽ 27.06.2024 ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകുന്നതിനുള്ള ബിൽ പദ്ധതി നിർവ്വഹണ ഏജൻസിയിൽ നിന്നും കിഫ്ബിയിൽ ലഭ്യമാകുന്ന മുറക്ക് ഫണ്ട് റിലീസ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ